# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2079 26.03.2013 ൽ മറുപടിക്ക്

### വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ ബഷീർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളും മരണനിരക്കും ദേശീയ ശരാശരിയേക്കാൾ കൂടതലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ 2011-ലെ റോഡപകടങ്ങളുടെ റിപ്പോർട്ട് പ്രകാരം വാഹനാപകടങ്ങൾ ദേശീയ ശരാശരിയേക്കാൾ കൂടുതലായും എന്നാൽ മരണ നിരക്ക് ദേശീയ നിരക്കിനേക്കാൾ കുറവായും കാണപ്പെടുന്നു. |
| (ബി) | റോഡപകടങ്ങൾ വർദ്ധിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ എന്തെല്ലാമാണെന്ന് പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. ഡ്രൈവർമാരുടെ അശ്രദ്ധ, ഉറക്കമിളച്ച് വിശ്രമമില്ലാതെ വാഹനമോടിയ്ക്കുക, അമിതവേഗത, മദ്യപിച്ച് വാഹനമോടിയ്ക്കൽ, മൂന്നുപേർ മോട്ടോർ സൈക്കിളിൽ യാത്ര ചെയ്യുന്നതുപോലുള്ള നിയമലംഘനങ്ങൾ, റോഡിലെ കുഴികളും അശാസ്ത്രീയ ഡിവൈഡറുകളും, റോഡ് സാഹചര്യങ്ങൾ മനസ്സിലാക്കാതെയുള്ള ഡ്രൈവിംഗ്, ഇടതു വശത്തുകൂടെയുള്ള വാഹനം മറികടക്കൽ, സിഗ്നൽ തെറ്റിച്ചുള്ള ഡ്രൈവിംഗ്, അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള ഡ്രൈവർമാർക്ക് റോഡിനെക്കുറിച്ചുള്ള അറിവില്ലായ്മ എന്നിവ മനുഷ്യജീവൻ നഷ്ടമാക്കിയ ഓരോ അപകടങ്ങൾക്കും കാരണമായിട്ടുണ്ട്. |
| (സി) | അപകടങ്ങളും മരണനിരക്കും കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും, സ്കൂൾ ബസ്സുകളിലും സ്പീഡ് ഗവേർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ |

| | | | |
|---|---|---|---|
| | | | അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br>കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു.<br>ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും, മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനുവേണ്ടി നടപടികളും സ്വീകരിച്ചുവരുന്നു. ചേർത്തല - മണ്ണുത്തി റോഡ് അപകടരഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി സർവയ്ലൻസ് ക്യാമറകൾ, ട്രാഫിക് സൈൻ ബോഡുകൾ എന്നിവ സ്ഥാപിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ